"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ സേവന വകുപ്പ് - അസ്സെറ്റ് മെയിന്റനൻസ് ഫണ്ട് 2024-25 - ആലപ്പുഴ വനിതാ - ശിശു ആശുപത്രിയിൽ കാന്റീൻ കെട്ടിടത്തിന്റെ നവീകരണം - ഇലക്ട്രിക്കൽ പ്രവൃത്തി പൂർത്തിയാക്കിയ വകയിൽ - 1,62,355/- രൂപ അനുവദിച്ച് - ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.947/2024/H&FWD  തീയതി,തിരുവനന്തപുരം, 01-04-2024

---

പരാമർശം:- 1. സ.ഉ.(സാധാ)നം.3101/2019/ആ.കു.വ. തീയതി 24.12.2019

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 05.03.2024 തീയതിയിലെ DHS/5315/2024-PLA2 എന്ന നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2019-2020 സാമ്പത്തികവർഷത്തിൽ അസ്സെറ്റ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ആലപ്പുഴ വനിതാ - ശിശു ആശുപത്രിയിൽ കാന്റീൻ കെട്ടിടത്തിൽ നവീകരണ പ്രവർത്തികൾ ചെയ്യുന്നതിലേക്ക് മേൽ പരാമർശത്തിലെ ഉത്തരവ് പ്രകാരം ആകെ 139 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതു പ്രകാരം, ആലപ്പുഴ വനിതാ - ശിശു ആശുപത്രിയിൽ കാന്റീൻ കെട്ടിടനവീകരണത്തിന്റെ ഭാഗമായി ഇലക്ട്രിക്കൽ പ്രവൃത്തി നടത്തിയ ഇനത്തിൽ ചെലവായ 1,62,355/- രൂപ അനുവദിക്കുന്നതിക്കുന്നതിനായി പ്രവൃത്തിയുടെ ബിൽ മേൽ പരാമർശത്തിലെ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

2. ആലപ്പുഴ വനിതാ - ശിശു ആശുപത്രിയിൽ കാന്റീൻ കെട്ടിടത്തിന്റെ നവീകരണത്തിന്റെ ഭാഗമായി ഇലക്ട്രിക്കൽ പ്രവൃത്തി പൂർത്തിയാക്കിയ വകയിൽ ചെലവായ **1,62,355/- രൂപ (ഒരു ലക്ഷത്തി അറുപത്തി രണ്ടായിരത്തി മൂന്നൂറ്റി അൻപത്തിയഞ്ചു രൂപ മാത്രം)**, **'2210-80-800-83-NP-AMF'** എന്ന ശീർഷകത്തിനു കീഴിലെ 2024-25 സാമ്പത്തിക വർഷത്തെ വിഹിതത്തിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

3. ബില്ലിന്റെ ആധികാരികത ആരോഗ്യ വകുപ്പ് ഡയറക്ടർ പരിശോധിച്ച ഉറപ്പു വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡീഷണൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ധനകാര്യ (ഹെൽത്ത്-എ) വകുപ്പ് ((E.2671391): HLT-A1/120/2022-FIN-Part(1) തീയതി 26.03.2024)

വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
P K Santhosh
Date: 01-04-2024 14:49:15

സെക്ഷൻ ഓഫീസർ